2010, ഖുത്വ്ബ നമ്പര്‍-37

بسم الله الرحمن الرحيم

10.09.2010
ബൈതുല്‍ ഫുതൂഹ്
ലണ്ടന്‍

# വിശുദ്ധഖുര്‍ആനിലെയും തിരുദൂതര്‍ ﷺ ന്റെയും മസീഹ് മൗഊദ് عليه السلام ന്റെയും ചില ദുആകള്‍

ഇന്ന് റമദാനിലെ അവസാനത്തെ ജുമുഅയും നോമ്പുമാണ്. അല്ലാഹു നമുക്കായി നമ്മുടെ വ്യക്തിപരമായ ജീവിതത്തില്‍ അനുഗ്രഹങ്ങള്‍ സ്വരുക്കൂട്ടാനും ജുമുഅയില്‍ നാം പുരോഗതി പ്രാപിക്കാനും ഇതൊരു നാഴികക്കല്ലാവട്ടെ. അല്ലാഹു നമ്മുടെയെല്ലാവരുടെയും ദുആ സ്വീകരിച്ച്കൊണ്ട് സല്‍ഫലങ്ങള്‍ നല്‍കുകയും, നാം നമുക്ക് വേണ്ടിയും ഭാര്യാമക്കള്‍ക്കും മറ്റ് കുടുംബാംഗങ്ങള്‍ക്കും വേണ്ടി ചെയ്ത ദുആയും നാം ജമാഅത്തിന്റെ പുരോഗതിക്കായി ചെയ്ത ദുആയും സ്വീകരിക്കുമാറാകട്ടെ. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് നല്‍കിയ ജമാഅത്തിന്റെ പുരോഗതിയുടെ വാഗ്ദാനങ്ങള്‍ സുനിശ്ചിതമായതാണ്. ഇന്‍ശാ അല്ലാഹ്. അത് പൂര്‍ത്തിയാകുക തന്നെ ചെയ്യും. അതിന്റെ സല്‍ഫലങ്ങളില്‍ പങ്കാളികളാകുന്നതിനു വേണ്ടിയാണ് നാം ദുആ ചെയ്യുന്നത്. ഇതിന്റെ പുരോഗതിക്കും വിജയത്തിനും വേണ്ടി പ്രയത്നിക്കുന്നവര്‍ക്കായിട്ടാണ് ആ പ്രതിഫലങ്ങള്‍ വെച്ചിരിക്കുന്നത്. അവര്‍ പുരോഗതിക്കായി പരിശ്രമിക്കുകയും അനുഗ്രഹങ്ങള്‍ കരസ്ഥമാക്കുകയും ചെയ്യുന്നു. എന്നാല്‍ തന്റെ തീരുമാനം അല്ലാഹു അറിയിച്ചിരിക്കുന്നു. അതായത് ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുക തന്നെ ചെയ്യും. അല്ലാഹു നമ്മുടെ ജീവിതത്തില്‍ ഈ വിജയങ്ങള്‍ കാണിക്കുകയും അതില്‍ പങ്കാളികളാക്കുകയും ചെയ്തത് തന്നെ അവന്റെ ഔദാര്യമാണ്. അങ്ങനെയല്ലെങ്കില്‍ പിന്നെ നമ്മുടെ ദുആയുടെ ആവശ്യമെന്താണ്. അവന് നമ്മുടെ പ്രയത്നങ്ങളും ആവശ്യമില്ല. അല്ലാഹു നമ്മില്‍ എപ്പോഴും അവന്റെ അനുഗ്രഹങ്ങള്‍ വര്‍ഷിപ്പിച്ചുകൊണ്ടിരിക്കാനായി നാം ദുആ ചെയ്യേണ്ടതാണ്. നാം അവന്റെ തൃപ്തിക്കനുസരിച്ച് പ്രവര്‍ത്തിക്കുന്നവരാകട്ടെ. അവന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരാകട്ടെ.

ഞാനിന്നത്തെ ഖുത്വുബയില്‍ ഖുര്‍ആനില്‍ നിന്നും ഹദീസില്‍ നിന്നും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വെളിപാടുകളില്‍ നിന്നും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വെളിപാടുകളില്‍ നിന്നും നിര്‍ദ്ദേശങ്ങളില്‍ നിന്നുമുള്ള വിവിധ ദുആകളാണ് നിങ്ങള്‍ക്ക് മുമ്പില്‍ വെക്കാനായി എടുത്തിരിക്കുന്നത്. ഖുര്‍ആനിക ദുആകള്‍ക്ക് മസീഹ് മൗഊദ് عليه السلام നല്‍കിയ വിശദീകരണങ്ങളും പരാമര്‍ശിക്കുന്നതായിരിക്കും. ഇവിടെ ഞാന്‍ ചൊല്ലുന്ന ദുആകള്‍ നിങ്ങളും ഉരുവിട്ടുകൊണ്ടിരിക്കുകയും ആമീന്‍ ചൊല്ലുകയും ചെയ്യുക. ജുമുഅക്ക് ശേഷവും ഈ അവസാനമണിക്കൂറുകളെ ദുആകള്‍ കൊണ്ട് നിറക്കേണ്ടതാണ്. ഞാനെടുത്ത ഈ ദുആകളില്‍ വ്യക്തിപരമായ സംസ്കരണത്തെക്കുറിച്ചും അനുഗ്രഹങ്ങളെക്കുറിച്ചുമാണ് പറയുന്നത്. അധികവും ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചും വിജയത്തെക്കുറിച്ചും എതിരാളികളില്‍ നിന്ന് രക്ഷ നേടുന്നതിനെക്കുറിച്ചുമാണ്.

അല്ലാഹു പറയുന്നു. رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَىٰ وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَصْلِحْ لِي فِي ذُرِّيَّتِي ۖ إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِينَ (46:16)

എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കള്‍ക്കും ചെയ്തിരിക്കുന്ന അനുഗ്രഹങ്ങള്‍ക്ക് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സല്‍ക്കര്‍മ്മങ്ങള്‍ ചെയ്യുവാനും എനിക്ക് കഴിവും പ്രേരണയും പ്രദാനം ചെയ്യേണമേ.എന്റെ സന്തതികളില്‍ നീ എനിക്ക് നന്മയുണ്ടാക്കേണമേ. ഞാന്‍ നിന്നിലേക്ക് തീര്‍ച്ചയായും മടങ്ങുന്നു. ഞാന്‍ നിന്നെ പരിപൂര്‍ണമായും അനുസരിക്കുന്നവരില്‍ പെട്ടവനാണ്.

ഇതേ ദുആ സൂറ നമലിലും കാണാം. അതില്‍ അധികമായി കാണുന്നത്. وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ 27:20

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു.

നാം മനുഷ്യനോട് അവന്റെ മാതാപിതാക്കള്‍ക്ക് നന്മ ചെയ്യാനായി കല്‍പിച്ചിരിക്കുന്നു. എന്തെന്നാല്‍ വളരെയധികം ക്ലേശമനുഭവിച്ചാണ് അവന്റെ മാതാവ് അവനെ ഗര്‍ഭം ചുമക്കുകയും പ്രസവിക്കുകയും ചെയ്തിരിക്കുന്നത്. ഈ ക്ലേശം കാലങ്ങളോളം അതായത് ഗര്‍ഭകാലം മുതല്‍ മുലകുടി നിര്‍ത്തുന്നത് വരെ നീണ്ടുനില്‍ക്കുന്നു. ഏകദേശം മുപ്പത് മാസങ്ങള്‍ക്ക് ശേഷമാണ് പൂര്‍ണ്ണത പ്രാപിക്കുന്നത്. പിന്നീട് പൂര്‍ണ്ണ ശക്തി കൈവരിക്കുമ്പോള്‍ ഇപ്രകാരം ദുആ ചെയ്യുന്നു. എന്റെ നാഥാ , നീ എനിക്കും എന്റെ മാതാപിതാക്കള്‍ക്കും ചെയ്തിരിക്കുന്ന അനുഗ്രഹങ്ങള്‍ക്ക് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സല്‍ക്കര്‍മ്മങ്ങള്‍ ചെയ്യുവാനും എനിക്ക് കഴിവും പ്രേരണയും പ്രദാനം ചെയ്യേണമേ.എന്റെ സന്തതികളില്‍ നീ എനിക്ക് നന്മയുണ്ടാക്കേണമേ. അവരെ എനിക്ക് സന്തോഷം പ്രദാനം ചെയ്യുന്നവരാക്കേണമേ. ഞാനെന്റെ സന്തതികളില്‍ ഭരമേല്‍പ്പിക്കുന്നില്ല. ഞാന്‍ എല്ലായ്പ്പോഴും നിന്നിലേക്ക് മടങ്ങുന്നവനാണ്. ഞാന്‍ നിന്നെ പരിപൂര്‍ണ്ണമായും അനുസരിക്കുന്നവരില്‍പ്പെട്ടവനാണ്.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു.

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ
أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

25.75

ഞങ്ങളുടെ നാഥാ ഞങ്ങളുടെ ഇണകളില്‍ നിന്നും ഞങ്ങളുടെ സന്തതികളില്‍ നിന്നും ഞങ്ങള്‍ക്ക് കണ്‍കുളിര്‍മ്മ പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവര്‍ക്ക് ഞങ്ങളെ അനുകരണയോഗ്യരാക്കിത്തീര്‍ക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു.

സത്യവിശ്വാസികളുടെ പ്രാര്‍ത്ഥന ഞങ്ങളുടെ നാഥാ ഞങ്ങളുടെ ഭാര്യമാരില്‍ നിന്നും സന്താനങ്ങളില്‍ നിന്നും ഞങ്ങളുടെ കണ്ണുകള്‍ക്ക് കുളിര്‍മ്മ പ്രദാനം ചെയ്യേണമേ.അവരെ സദ്വൃത്തരില്‍ ഉള്‍പ്പെടുത്തേണമേ.

അതായത് അവര്‍ മാതൃകായോഗ്യരാകേണ്ടതാണ്. ഇത്തരം വീടുകള്‍ അല്ലാഹുവിന്റെ അനുഗ്രഹങ്ങള്‍ക്ക് കാരണമാകുന്നു. അംഗങ്ങളും ജമാഅത്തിന്റെ ഊര്‍ജ്ജസ്വലരായ പ്രവര്‍ത്തകരായിക്കൊണ്ട് തലമുറയായി ജമാഅത്തിന്റെ പുരോഗതികളില്‍ പങ്കാളികളാവുന്നതാണ്.

അല്ലാഹു നമുക്ക് പഠിപ്പിച്ച് തന്ന മറ്റൊരു ദുആ

رَبَّنَآ اٰتِنَا فِي الدُّنْيَا حَسَنَةً وَّفِي الْاٰخِرَةِ

حَسَنَةً وَّقِنَا عَذَابَ النَّارِ 2:202

ഞങ്ങളുടെ നാഥാ, ഐഹികജീവിതത്തിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ.പരലോകത്തും നീ ഞങ്ങൾക്ക് നന്മ നൽകേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു. സത്യവിശ്വസിക്ക് ഭൗതികതയുമായി ബന്ധമുണ്ടാകുമെങ്കിലും അത് അവന്റെ ആത്മീയ ഉന്നമനത്തിന് കാരണമാകുന്നതാണ്. അവന്റെ ഉദ്ദേശ്യലക്ഷ്യം എപ്പോഴും ദീനായിരിക്കുകയും, അവന്റെ സമ്പത്ത് ദീനിന്റെ കാര്യത്തിൽ സേവകൻ മാത്രമായിരിക്കുകയും ചെയ്യും. ഭൗതീകത ഒരിക്കലും യഥാർത്ഥ ഉദ്ദേശ്യമാകരുത്. ഭൗതീകകാര്യങ്ങൾ ചെയ്യുന്നുവെങ്കിലും അതിന്റെ ഉദ്ദേശ്യം ദീനായിരിക്കണം. ദീനിന്റെ സേവകനെന്ന രീതിയിലാണ് ഭൗതീകതയെ കാണേണ്ടത്. ഉദാഹരണത്തിന് മനുഷ്യൻ എങ്ങോട്ടെങ്കിലും യാത്ര ചെയ്യുമ്പോൾ പാഥേയമായി വല്ലതും കരുതുന്നു. വാഹനത്തിൽ യാത്ര ചെയ്യുന്നു. എന്നാൽ അവന്റെ ലക്ഷ്യം ഉദ്ദേശിച്ച സ്ഥലത്ത് എത്തിച്ചേരുക എന്നായിരിക്കും. ഇതുപോലെ സേവകനായാണ് മനുഷ്യൻ ഭൗതീകതയെക്കാണേണ്ടത്. പറയുന്നു رَبَّنَآ اٰتِنَا فِي الدُّنْيَا حَسَنَةً ഇവിടെ ഏത് ഐഹികജീവിതത്തെപറ്റിയാണ് പറയുന്നത്, അത് ഹസനത്തുദ്ദുൻയായെ പറ്റിയാണ്. അതായത് ഐഹികജീവിതത്തിലെ നന്മകൾ അതായത് പരലോകത്ത് നന്മകൾ സ്വായത്തമാക്കാൻ സാധിക്കുന്നത് ഹസനത്തുദ്ദുൻയായിലൂടെയാണ്. അതുകൊണ്ടാണ് ഐഹികജീവിതത്തിലെ നന്മകളെക്കുറിച്ച് ആദ്യം പറഞ്ഞത്. ഈ നന്മകളിലൂടെയാണ് പരലോകത്ത് നന്മകൾ കരഗതമാക്കാൻ കഴിയുക. ഒരു സത്യവിശ്വാസി ഭൗതികകാര്യങ്ങളിൽ ഏർപ്പെടുമ്പോൾ പരലോകത്തേക്കുള്ള നന്മകളിലും അവന് ശ്രദ്ധയുണ്ടായിരിക്കേണ്ടതാണ്. ഐഹികജീവിതത്തിലെ നന്മകൾ എന്നതുകൊണ്ട് ഉത്തമമായ എല്ലാ മാർഗ്ഗങ്ങളും അതിന്നായി സ്വീകരിക്കാം. നന്മകൾ കരഗതമാക്കാൻ സാധിക്കുന്ന രീതിയിൽ ഭൗതികകാര്യങ്ങളിൽ ഏർപ്പെടേണ്ടതാണ്. മനുഷ്യകുലത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യങ്ങളിലോ സ്വയം അപമാനിതരാകുകയും ലജ്ജിതരാകുകയും ചെയ്യുന്ന കാര്യങ്ങളിലോ ഏർപ്പെടാതിരിക്കുക. ഐഹികജീവിതത്തിലെ നന്മകൾ എന്നത് പരലോകത്ത് നന്മകൾ കരസ്ഥമാക്കാൻ ഉതകുന്നതാകണം. അത് സ്യഷ്ടാവിന്റെയും സ്യഷ്ടികളുടെയും കടമകൾ പൂർത്തിയാകുന്ന വിധത്തിലായിരിക്കണം.

മറ്റൊരു ദുആ رَبِّ اغْفِرْ لِيْ وَلِاَخِيْ وَاَدْخِلْنَا فِيْ

رَحْمَتِكَ ۖ وَاَنْتَ اَرْحَمُ الرّٰحِمِيْنَ ۝١٥٢ 7:152

എന്റെ നാഥാ എനിക്കും എന്റെ സഹോദരനും നീ മാപ്പ് നൽകേണമേ.നിന്റെ കാരുണ്യത്തിൽ നീ ഞങ്ങളെ പ്രവേശിപ്പിക്കേണമേ. നീ കരുണചെയ്യുന്നവരിൽ ഏറ്റവും കരുണചെയ്യുന്നവനാണല്ലോ.

رَبَّنَا اغْفِرْ لَنَا ذُنُوْبَنَا وَاِسْرَافَنَا فِيْٓ اَمْرِنَا وَثَبِّتْ

اَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكٰفِرِيْنَ (3:148)

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളെയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തെയും നീ ഞങ്ങൾക്ക് പൊറുത്ത് തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരെ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.

അല്ലാഹു പഠിപ്പിച്ചുതന്ന മറ്റൊരു ദുആ

اَنْتَ وَلِيُّنَا فَاغْفِرْ لَنَا وَارْحَمْنَا وَاَنْتَ خَيْرُ الْغٰفِرِيْنَ 7:156

നീ ഞങ്ങളുടെ രക്ഷാകർത്താവാണ്. അതുകൊണ്ട് നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. നീ ഞങ്ങൾക്ക് കരുണ ചെയ്യേണമേ. പൊറുക്കുന്നവരിൽ വെച്ച് നീ ഏറ്റവും ഉത്തമനാണല്ലോ.

وَاكْتُبْ لَنَا فِيْ هٰذِهِ الدُّنْيَا حَسَنَةً وَّفِي

الْاٰخِرَةِ اِنَّا هُدْنَآ اِلَيْكَ 7:157

ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും നന്മ വിധിക്കേണമേ. ഞങ്ങൾ നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങിയിരിക്കുന്നു.

رَبِّ اجْعَلْنِيْ مُقِيْمَ الصَّلٰوةِ وَمِنْ ذُرِّيَّتِيْ ۖ

رَبَّنَا وَتَقَبَّلْ دُعَآءِ ۝٤١ رَبَّنَا اغْفِرْ لِيْ وَلِوَالِدَيَّ

وَلِلْمُؤْمِنِيْنَ يَوْمَ يَقُوْمُ الْحِسَابُ ۝٤٢ (14:41,42)

എന്റെ നാഥാ, നീ എന്നെ നമസ്ക്കാരം നല്ലപോലെ നിർവ്വഹിക്കുന്നവനാക്കേണമേ,എന്റെ സന്തതികളിൽ നിന്നും. ഞങ്ങളുടെ നാഥാ എന്റെ പ്രാർത്ഥന സ്വീകരിച്ചാലും. ഞങ്ങളുടെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും വിചാരണ നിലവിൽ വരുന്ന നാളിൽ പൊറുത്തുതരേണമേ.

وَالَّذِيْنَ يَقُوْلُوْنَ رَبَّنَا اصْرِفْ عَنَّا عَذَابَ

جَهَنَّمَ ۖ اِنَّ عَذَابَهَا كَانَ غَرَامًا ۝٦٦

اِنَّهَا سَآءَتْ مُسْتَقَرًّا وَّمُقَامًا ۝٦٧ (25:66,67)

ഞങ്ങളുടെ നാഥാ, ഞങ്ങളിൽ നിന്ന് നരകശിക്ഷയെ തിരിച്ചുവിടേണമേ.തീർച്ചയായും അതിന്റെ ശിക്ഷ വളരെ വലിയ നാശമാണ്. അത് താൽക്കാലിക സ്ഥലമെന്ന നിലയ്ക്കും സ്ഥിരവാസ സ്ഥലമെന്ന നിലയ്ക്കും വളരെ ചീത്തയാണ്.

മറ്റൊരു ദുആ رَّبِّ اغْفِرْ وَارْحَمْ وَاَنْتَ خَيْرُ الرّٰحِمِيْنَ

എന്റെ നാഥാ, നീ പൊറുത്തുതരികയും കരുണചെയ്യുകയും ചെയ്യേണമേ. നീ കരുണചെയ്യുന്നവരിൽ ഉത്തമനാകുന്നു. (23:119)

رَبَّنَآ اٰمَنَّا فَاغْفِرْ لَنَا وَارْحَمْنَا وَاَنْتَ خَيْرُ الرّٰحِمِيْنَ (23:110)

ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വസിച്ചു. അതിനാൽ ഞങ്ങൾക്ക് പൊറുത്തുതരേണമേ.ഞങ്ങൾക്ക് കരുണ ചെയ്യേണമേ. നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ.

رَبِّ نَجِّنِيْ وَاَهْلِيْ مِمَّا يَعْمَلُوْنَ (26:170)

എന്റെ നാഥാ, എന്നെയും എന്റെ കുടുംബത്തെയും അവരുടെ പ്രവർത്തികളിൽ നിന്ന് രക്ഷിക്കേണമേ.

رَبِّ ابْنِ لِيْ عِنْدَكَ بَيْتًا فِي الْجَنَّةِ وَنَجِّنِيْ

مِنْ فِرْعَوْنَ وَعَمَلِهٖ وَنَجِّنِيْ مِنَ الْقَوْمِ الظّٰلِمِيْنَ 66:12

എന്റെ നാഥാ , നീ എനിക്ക് വേണ്ടി നിന്റെ സവിധത്തിലുള്ള സ്വർഗ്ഗത്തിൽ ഒരു ഭവനം പണിതു തരേണമേ. ഫിർഔനിൽ നിന്നും അവന്റെ ചെയ്തികളിൽ നിന്നും നീ എന്നെ രക്ഷിക്കേണമേ. അക്രമകാരികളിൽ നിന്ന് നീ എനിക്ക് മോചനം നൽകുകയും ചെയ്യേണമേ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇപ്രകാരം വിശദീകരണം നൽകിയി

രിക്കുന്നു.പറയുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു വിശ്വാസികളുടെ രണ്ട് ഉദാഹരണങ്ങളാണ് എടുത്ത് പറഞ്ഞിരിക്കുന്നത്. ഒന്ന് ഫിർഔന്റെ ഭാര്യയാണ്. അവർ ഇത്തരം ഭർത്താവിൽ നിന്ന് അല്ലാഹുവിനോടു അഭയം തേടുന്നു. മാനസികവികാരങ്ങൾക്കടിപ്പെട്ട് പോകുന്ന വിശ്വാസികളുടെ ഉദാഹരണമാണിത്. മാനസികവികാരങ്ങൾ നന്മകളിൽ നിന്ന് മനുഷ്യനെ തടയുന്നു. അവർ തെറ്റു ചെയ്യുന്നു. എന്നാൽ പശ്ചാത്തപിക്കുകയും അല്ലാഹുവിനോട് അഭയം തേടുകയും ചെയ്യുന്നു. അവരുടെ മനസ്സ് അവരെ ഫിർഔൻ ബുദ്ധിമുട്ടിക്കുന്നത് പോലെ പ്രയാസമുണ്ടാക്കുന്നു. അവർ നഫ്സെലവ്വാമാ (സ്വയം ശാസകാത്മാവ്) യിലാണ്. തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ എപ്പോഴും അവർ പരിശ്രമിക്കുന്നു. എന്നാൽ മറ്റു വിശ്വാസികൾ ഇതിനെക്കാൾ ഉയർന്ന പദവിയിലാണ്. അവർ തിന്മകളിൽ നിന്ന് രക്ഷപ്പെടുക മാത്രമല്ല നന്മകൾ ചെയ്യാനായി പരിശ്രമിക്കുന്നു. അവർക്ക് ഉപമയായി അല്ലാഹു ഹദ്റത്ത് മറിയമിനെയാണ് എടുത്ത് പറഞ്ഞിരിക്കുന്നത്.

أَحْصَنَتْ فَرْجَهَا فَنَفَخْنَا فِيهِ مِن رُّوحِنَا (66:13)

തഖ്‌വയിലും പരിശുദ്ധതയിലും ഉന്നതി പ്രാപിക്കുന്നവർ മറിയമിന്റെ നിഴലാണ്. അല്ലാഹു അത്തരക്കാരിൽ തന്റെ ആത്മാവ് ഊതുകയും അവർ മറിയമീ ഗുണമുള്ളവരായിത്തീരുകയും ചെയ്യുന്നു. അല്ലാഹു നമ്മെയും നന്മകൾ കരഗതമാക്കുന്ന മുഅ്മിനീങ്ങളാക്കട്ടെ. ഈ റമദാനിൽ നന്മകൾ കരഗതമാക്കാനായി ശ്രമിച്ച നാം ഈ നന്മകളെ സ്ഥിരമായി സൂക്ഷിക്കുന്നവരാകട്ടെ. തഖ്‌വയിലും പരിശുദ്ധതയിലും നമ്മുടെ പാദങ്ങൾ എല്ലായ്പ്പോഴും മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കട്ടെ.കൂടാതെ അല്ലാഹു അക്രമികളായ ജനതകളിൽ നിന്നും ഭരണാധികാരികളിൽ നിന്നും നമ്മെ മോചിപ്പിക്കട്ടെ. ഈ അഭിനവ ഫിർഔൻമാർ തങ്ങളുടെ കരബലം കൊണ്ട് അഹ്മദികളെ അക്രമിച്ച് കൊണ്ടിരിക്കുന്നു. അവരിൽ നിന്ന് അല്ലാഹു രക്ഷിക്കുമാറാകട്ടെ. അവരെ തന്റെ പിടുത്തത്തിൽ അകപ്പെടുത്തട്ടെ.

സൂറ ഖമറിലെ ഒരു ദുആ ഇപ്രകാരമാണ്.

فَدَعَا رَبَّهُ أَنِّي مَغْلُوبٌ فَانتَصِرْ 54:11

അദ്ദേഹം തന്റെ നാഥനെ വിളിച്ച് പ്രാർത്ഥിച്ചു.എന്റെ നാഥാ, ഞാൻ ലോകരുടെ ദൃഷ്ടിയിൽ പരാജിതനാണ്. നീ എന്നെ സഹായിച്ചാലും.

رَبِّ إِنَّ قَوْمِي كَذَّبُونِ ﴿١١٨﴾ فَافْتَحْ بَيْنِي وَبَيْنَهُمْ
فَتْحًا وَنَجِّنِي وَمَن مَّعِيَ مِنَ الْمُؤْمِنِينَ ﴿١١٩﴾ 26:118,119

എന്റെ നാഥാ, എന്റെ ജനം എന്നെ നിഷേധിച്ചിരിക്കുന്നു. അത് കൊണ്ട് എനിക്കും അവർക്കുമിടയിൽ നീ ഖണ്ഡിതമായ ഒരു തീരുമാനം കൽപിക്കുകയും എന്നെയും എന്നോടൊപ്പമുള്ള സത്യവിശ്വാസികളെയും രക്ഷിക്കുകയും ചെയ്യേണമേ.

നബിമാരുടെയും അവരുടെ സംഘത്തിന്റെയും യഥാർത്ഥ ആയുധം ദുആ തന്നെയാണ്. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അത് വ്യക്തമാക്കിയിരിക്കുന്നു. അതായത് നമ്മുടെ വിജയങ്ങളത്രയും പ്രാർത്ഥന മുഖേനയായിരിക്കും നടക്കുക. മറ്റ് ആയുധങ്ങൾ കൊണ്ടോ മറ്റ് രീതിയിലോ ആയിരിക്കില്ല. സ്ഥിരമായി ദുആ ചെയ്ത് കൊണ്ടിരിക്കുക എന്നതാണ് നമ്മിലർപ്പിതമായ കടമ. ഇതിലൂടെ തന്നെയാണ് നമ്മുടെ വിജയങ്ങളുണ്ടാകുന്നത്.

رَّبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ ﴿٩٨﴾
وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ ﴿٩٩﴾ (23:98,99)

എന്റെ നാഥാ, അതിക്രമകാരികളായ ആളുകളുടെ ഉപദ്രവത്തിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ നാഥാ, അവർ (ആ പിശാചുക്കൾ) എന്റെ അടുക്കൽ വരുന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.

رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ 7:127

ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ. അനുസരണമുള്ളവരായി ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. അല്ലാഹുവേ ,ഇത്തരം പരീക്ഷണഘട്ടങ്ങളിൽ ക്ഷമ കൈവരുമാറ് ഞങ്ങൾക്ക് മനശ്ശാന്തി പ്രദാനം ചെയ്യേണമേ. അനുസരണമുള്ളവരായിരിക്കുന്ന നിലയിൽ നീ ഞങ്ങളെ മരിപ്പിക്കേണമേ. പരീക്ഷണഘട്ടങ്ങളിലും സന്താപവേളകളിലും അല്ലാഹു തന്റെ സത്യസന്ധരായ ദാസരുടെ ഹൃദയങ്ങളിൽ പ്രകാശമിറക്കുകയും ആ പ്രകാശം മുഖേന അവർ ശക്തരാകുകയും എല്ലാവിധ പരീക്ഷണഘട്ടങ്ങളെയും തരണം ചെയ്യുകയും കാലുകളിൽ ബന്ധിതമായിരിക്കുന്ന ചങ്ങലകളെ വിശ്വാസത്തിന്റെ മാധുര്യത്താൽ അവർ ചുംബിക്കുകയും ചെയ്യുന്നു.

മറ്റൊരു ദുആ رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا
وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ ﴿٢٤﴾ 7:24

ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടു തന്നെ തെറ്റു ചെയ്തു പോയി. നീ ഞങ്ങൾക്ക് പൊറുത്ത് തരികയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽപെട്ട് പോകും.

മസീഹ് മൗഊദ് عليه السلام പറയുന്നു. ആരംഭഘട്ടത്തിൽ ഏത് പോലെ ആദം ദുആ മുഖേന ശൈത്വാനെ ബന്ധനസ്ഥനാക്കിയിരുന്നുവോ അതുപോലെ ഈ അവസാനകാലഘട്ടത്തിൽ ദുആ മുഖേന വിജയം വരിക്കാൻ സാധിക്കുന്നതാണ്. അത് വാളു കൊണ്ട് സാദ്ധ്യമല്ല.നമ്മുടെ ആയുധം വാളല്ല, ദുആയാണ്. ഒന്നാം ആദമിന് ദുആ മുഖേന തന്നെയാണ് ശൈത്താന് മേൽ വിജയം വരിക്കാൻ സാധിച്ചത്. രണ്ടാം ആദമായ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ഈ അവസാനകാലഘട്ടത്തിൽ ശൈത്താനുമായുള്ള അന്തിമയുദ്ധത്തിൽ ദുആ മുഖേന തന്നെ വിജയം ലഭിക്കുന്നതായിരിക്കും.

മറ്റൊരു ദുആ رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا
مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ الْوَهَّابُ ﴿٩﴾ (3:9)

ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ നേർവഴിയിലാക്കിയതിന് ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ, നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹ ദാതാവ്.

رَبَّنَا لَا تُؤَاخِذْنَا إِن نَّسِينَا أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا
كَمَا حَمَلْتَهُ عَلَى الَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا
طَاقَةَ لَنَا بِهِ ۖ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا ۚ أَنتَ مَوْلَانَا
فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ ﴿٢٨٧﴾ 2:287

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നു പോകുകയോ, തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ.ഞങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്നവരുടെ മേൽ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ,ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ. ഞങ്ങൾക്ക് മാപ്പ്

നൽകണമേ. ഞങ്ങൾക്ക് പൊറുത്ത് തരേണമേ. ഞങ്ങളോട് കരുണ ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യ നിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇതിന് നൽകിയ വിശദീകരണം ഇപ്രകാരമാണ്. ഞങ്ങളുടെ നാഥാ, ഞങ്ങളിൽ നിന്ന് നന്മകൾ ഉണ്ടാ കാത്ത കാരണത്താൽ നീ ഞങ്ങളെ ശിക്ഷിക്കരുതേ. ഇക്കാര്യത്തിൽ ഞങ്ങൾ മറന്നു പോകുകയോ, തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങൾ അറിയാതെ ചെയ്തു പോയ തെറ്റു കളിൽ നീ ഞങ്ങളെ ശിക്ഷിക്കരുതേ. അത്തരം തിന്മകൾ ഞങ്ങൾ അറിഞ്ഞ് കൊണ്ട് ചെയ്തതല്ല. കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ പറ്റിയ വീഴ്ച കൊണ്ടാണ് സംഭവിച്ചത്. ഞങ്ങൾക്ക് വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ. ഞങ്ങൾക്ക് മാപ്പ് നൽകണമേ. ഞങ്ങൾക്ക് പൊറുത്ത് തരേണമേ. ഞങ്ങളോട് കരുണ ചെയ്യേണമേ.

മറ്റൊരു ദുആ رَبَّنَآ أَفۡرِغۡ عَلَيۡنَا صَبۡرٗا وَثَبِّتۡ أَقۡدَامَنَا وَٱنصُرۡنَا عَلَى ٱلۡقَوۡمِ ٱلۡكَٰفِرِينَ 2:251

ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞ് തരി കയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും അവിശ്വാ സികൾക്കെതിരെ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.

മസീഹ് മൗഊദ് عليه السلامപറയുന്നു. നമ്മുടെ അല്ലാഹു നമ്മുടെ തെറ്റു കൾ മാപ്പ് ചെയ്ത് തരുന്നവനല്ലായിരുന്നുവെങ്കിൽ ഇത്തരം ദുആകൾ നമ്മെ പഠിപ്പിക്കുമായിരുന്നില്ല.

മറ്റൊരു ദുആ رَبَّنَا لَا تَجۡعَلۡنَا مَعَ ٱلۡقَوۡمِ ٱلظَّٰلِمِينَ 7:48

ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ അധർമ്മകാരികളായ ജനങ്ങളുടെ കൂടെയാക്കരുതേ.

رَبَّنَآ ءَامَنَّا فَٱكۡتُبۡنَا مَعَ ٱلشَّٰهِدِينَ 5:85

ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തേണമേ.

നബി ﷺ യുടെ ഹദീസുകളിൽ നിന്നുള്ള ചില ദുആകൾ ഇപ്രകാ രമാണ്.

അല്ലാഹുവേ ,ഞാൻ ദുർബലനാകുന്നതിൽ നിന്നും ആലസ്യത്തിൽ നിന്നും വാർദ്ധക്യത്തിൽ നിന്നും പാപത്തിൽ നിന്നും ഋണബാദ്ധ്യത യിൽ നിന്നും ഖബറിന്റെ പരീക്ഷണത്തിൽ നിന്നും ഖബറിന്റെ ശിക്ഷ യിൽ നിന്നും അഗ്നിയുടെ പരീക്ഷണത്തിൽ നിന്നും ദാരിദ്ര്യം മൂലമു ണ്ടാകുന്ന പരീക്ഷണത്തിൽ നിന്നും സമ്പത്തിന്റെയും ദാരിദ്ര്യത്തി ന്റെയും ഫിത്നകളിൽ നിന്നും നിന്നെ അഭയം തേടുന്നു.

മസീഹുദ്ദജ്ജാലിന്റെ ഫിത്നയിൽ നിന്നും നിന്നിൽ അഭയം തേടു ന്നു. അല്ലാഹുവേ, നീ എന്റെ തെറ്റുകുറ്റങ്ങളെ ഹിമം കൊണ്ടും ആലി പ്പഴം കൊണ്ടും തണുത്ത വെള്ളം കൊണ്ടും കഴുകിക്കളയേണമേ. വെള്ള വസ്ത്രം എല്ലാവിധ അഴുക്കുകളിൽ നിന്നും വൃത്തിയാക്കപ്പെ ടുന്നതു പോലെ എന്റെ മനസ്സിനെ പാപങ്ങളിൽ നിന്ന് ശുദ്ധീകരി ക്കേണമേ. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അകലത്തെപ്പോലെ പാപങ്ങളെയും എന്നിൽ നിന്നകറ്റേണമേ.

മറ്റൊരു ദുആ ഇപ്രകാരമാണ്. അല്ലാഹുവേ,എന്റെ പാപങ്ങൾ നീ എനിക്ക് പൊറുത്തുതരേണമേ. എന്റെ ഭവനം എനിക്ക് പ്രവിശാലമാ ക്കിത്തരേണമേ.നീ എനിക്ക് നൽകിയ രിസ്ക്കിൽ അനുഗ്രഹം ചൊരി യേണമേ. അല്ലാഹുവേ, ഞാൻ ദൗർബല്ല്യത്തിൽ നിന്നും ആലസ്യത്തിൽ നിന്നും ക്ഷയിപ്പിക്കുന്ന വാർദ്ധക്യത്തിൽ നിന്നും ഭീരുത്വത്തിൽ നിന്നും ഖബറിന്റെ ശിക്ഷയിൽ നിന്നും ജീവിതത്തിന്റെയും മരണത്തിന്റെയും എല്ലാ ഫിത്നകളിൽ നിന്നും നിന്നോട് അഭയം തേടുന്നു .

**അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ ഖൽബിൻ ലായഖ്ശാ വമിൻ ദുആഇൻ ലാ യസ്മഅ് വമിൻ നഫ്സിൻ ലാതശ്ബാ വമിൻ ഇൽമിൻ ലായൻഫഅ് അഊദുബിക്ക മിൻ ഹാഉലാഇൽ അത്താ**

അല്ലാഹുവേ, വിനയാന്വിതമല്ലാത്ത ഹൃദയത്തിൽ നിന്നും സ്വീകരി ക്കപ്പെടാത്ത ദുആകളിൽ നിന്നും ഒരിക്കലും തൃപ്തി ലഭിക്കാത്ത മന സ്സിൽ നിന്നും പ്രയോജനകരമല്ലാത്ത അറിവിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.

**അല്ലാഹുമ്മ ഇന്നീ ഉലംത്തു നഫ്സീ ദുൽമൻ കസീറൻ വലാ യഗ്ഫി റുദ്ദുനൂബ ഇല്ലാ അൻത്ത ഫഗ്ഫിർലീ മഗ്ഫിറത്തൻ മിൻ ഇൻദിക്ക വർഹംനീ ഇന്നക്ക അൻത്തൽഗഫൂറുർറഹീം.**

അല്ലാഹുവേ ഞാൻ എന്നോട് തന്നെ അനീതി പ്രവർത്തിച്ചിരിക്കു ന്നു.പാപങ്ങൾ പൊറുക്കുന്നവൻ നീയല്ലാതെ മറ്റാരുമില്ല. നീ എനിക്ക് പൊറുത്തുതരേണമേ. എന്നിൽ കരുണ ചൊരിയേണമേ. പാപങ്ങൾ പൊറുക്കുന്നവനും കരുണാമയനും നീ തന്നെയാണ്. അല്ലാഹുവേ, നീ എന്റെ തെറ്റുകുറ്റങ്ങളെ മാപ്പാക്കേണമേ. എന്റെ കാര്യത്തിന് ശേഷ മുള്ള ഏറ്റക്കുറച്ചിലുകളെയും മാപ്പാക്കേണമേ. എന്നെക്കാൾ നീ അധികം അറിയുന്നു.എന്റെ തമാശ മൂലവും ഗാഭീര്യം മൂലവുമുണ്ടാ കുന്ന എല്ലാ കാര്യങ്ങളത്രയും എന്റെ മനപൂർവ്വമോ അല്ലാതെയോ ഉണ്ടാകുന്ന എല്ലാ തെറ്റുകളെയും നീ പൊറുത്തുതരേണമേ. ഇവ യൊക്കെ എന്നിലുണ്ട്, മുന്നോട്ട് നയിക്കുന്നവനും പിന്നിലേക്ക് തള്ളു ന്നവനും നീ തന്നെയാണ്. നീ എല്ലാറ്റിനും കഴിവുള്ളവനാകുന്നു. അല്ലാ ഹുവേ ഞാൻ എന്നെ നിന്നിൽ ഏൽപ്പിക്കുകയും നിന്നെ വിശ്വസി ക്കുകയും നിന്നിൽ അർപ്പണം ചെയ്യുകയും നിന്റെ മുമ്പിൽ കുനി യുകയും നിനക്കായി വാദിക്കുകയും നിന്റെ മുമ്പിൽ വിധിക്കായി വരികയും ചെയ്യുന്നു.ഞാൻ മുമ്പ് ചെയ്ത് പോയതും ഇനി ഭാവിയിൽ ചെയ്യാൻ സാദ്ധ്യതയുള്ളതും, ഞാൻ മറക്കുന്നതും വെളിപ്പെടുത്തു ന്നതുമായ എല്ലാ തെറ്റുകളെയും നീ എനിക്ക് പൊറുത്ത് തരേണമേ. ആദ്യത്തേതും അവസാനത്തേതും നീ തന്നെയാണ്. നിന്നെക്കൂടാതെ മറ്റൊരു ആരാധ്യനും ഇല്ല തന്നെ.

**അല്ലാഹുമ്മ ഫീ ഖൽബി നൂറൻ വഫീ ബസരീ നൂറൻ വഫീ സംഈ നൂറൻ വഅൻ യമീനീ നൂറൻ വഅൻ യസാരീ നൂറൻ വഫൗഖീ നൂറൻ വതഹ്ത്തീ നൂറൻ വഅമാമീ നൂറൻ വഖൽഫീ നൂറൻ വഅഅ്ത്തിനീ നൂറാ.**

അല്ലാഹുവേ, നീ എന്റെ ഹൃദയത്തെ പ്രകാശനിർഭരമാക്കിത്തരേ ണമേ.എന്റെ കണ്ണുകളിലും എന്റെ കാതുകളിലും എന്റെ വലത്തും എന്റെ ഇടത്തും എന്റെ മേൽഭാഗത്തും എന്റെ കീഴ്ഭാഗത്തും എന്റെ മുമ്പിലും എന്റെ പിമ്പിലും നീ പ്രകാശം ചൊരിയേണമേ. അല്ലാ ഹുവേ നീ എന്റെ ശരീരം മഴുവനും പ്രകാശപൂരിതമാക്കേണമേ.

**അല്ലാഹുമ്മ ഇന്നീ അസ്അലുക ഹുബ്ബക്ക വഹുബ്ബ മൻ യുഹി ബ്ബുക്ക വൽഅമലല്ലദീ യുബല്ലിഗുനീ ഹുബ്ബക്ക അല്ലാഹുമ്മജ്അൽ ഹുബ്ബക്ക അഹബ്ബ ഇലയ്യ മിൻ നഫ്സീ വഅഹ് ലീ വമിനൽ മാഇൽ ബാരിദ്.**

അല്ലാഹുവേ ഞാൻ നിന്നോട് നിന്റെ സ്നേഹത്തെ ആവശ്യപ്പെടു കയാണ്. നിന്റെ സ്നേഹം ലഭ്യമാകുന്ന സ്ഥാനം കരഗതമാകുന്ന കർമ്മ ങ്ങൾ ചെയ്യുവാനുള്ള തൗഫീഖ് നീ എനിക്ക് നൽകേണമേ.അല്ലാ ഹുവേ, എനിക്ക് നിന്നോടുള്ള സ്നേഹം എന്റെ ജീവനെക്കാളും കുടുംബത്തെക്കാളും തണുത്ത വെള്ളത്തെക്കാളും അധികം പ്രിയ ങ്കരമാക്കിത്തരേണമേ.

**യാ മുസർറിഫൽ ഖുലൂബി സബ്ബിത്ത് ഖൽബീ അലാ താഅത്തി.**

അല്ലയോ ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ നിന്റെ അനുസരണത്തിൽ നിലയുറപ്പിക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ചില ദുആകൾ കേൾപ്പിക്കാം ഇപ്രകാരമാണ്.

ഇതുവരെ പറഞ്ഞതും പറയാനിരിക്കുന്നതുമായ എല്ലാ ദുആ കളെയും പ്രയോജനപ്പെടുത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. ഇതിൽ ചിലത് ഇൽഹാമീ ദുആകളാണ്.

**റബ്ബി കുല്ലു ശൈഇൻ ഖാദിമുക റബ്ബി ഫഅ്ഫള്നീ വൻസുർനീ വർഹംനീ**

അല്ലാഹുവേ, എല്ലാ വസ്തുക്കളും നിന്റെ സേവകരാണ്. എന്റെ നാഥാ എന്നെ സംരക്ഷിക്കേണമേ, എനിക്ക് സഹായം നൽകേണമേ, എന്നോട് കരുണകാണിക്കേണമേ.

മറ്റൊരു ദുആ

എല്ലാ കഴിവുകളുമുള്ള അല്ലാഹുവേ, സൻമാർഗ്ഗദായകനേ, പരിശുദ്ധരായ ആളുകൾ നിന്നെ പ്രാപിച്ച ആ മാർഗ്ഗം നീ എനിക്ക് കാണിച്ച് തരേണമേ. മനസ്സിന്റെ വികാരവിചാരങ്ങളായ അസൂയയിൽ നിന്നും വിദ്വേഷത്തിൽ നിന്നും ഭൗതിക ആഗ്രഹാഭിലാഷങ്ങളിൽ നിന്നും നീ എന്നെ രക്ഷിക്കേണമേ. ഞാൻ പാപിയും ബലഹീനനുമാണ്. നിന്റെ സഹായവും അനുഗ്രഹവുമില്ലാതെ ഒന്നും നടക്കുകയില്ല. നീ എനിക്ക് വഴി കാണിക്കേണമേ. എന്നെ പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കേണമേ. നിന്റെ അനുഗ്രഹത്തോടെയല്ലാതെ ശുദ്ധീകരിക്കാൻ സാധ്യമല്ല.

**യാഅഹബ്ബ മിൻ കുല്ലി മഹ്ബൂബിൻ ഇഗ്ഫിർലീ ദുനൂബീ വദ്ഖിൽനീ ഫീ ഇബാദിക്കൽ മുഖ്ലിസീൻ**

സ്നേഹിക്കുന്നവരേക്കാളെല്ലാം അധികം സ്നേഹിക്കുന്നവനേ, എന്റെ പാപം പൊറുത്തുതന്നാലും.നിന്റെ ആത്മാർത്ഥരായ ദാസരിൽ എന്നെ ഉൾപ്പെടുത്തിയാലും.

ഏതോ ഒരാൾ മസീഹ് മൗഊദ് عليه السلام നോട് നമസ്കാരത്തിൽ പൂർണ്ണ ശ്രദ്ധ എങ്ങിനെയാണ് ലഭിക്കുക എന്ന് ചോദിച്ചു,മസീഹ് മൗഊദ് عليه السلام ഒരു ദുആ എഴുതി അയച്ചുകൊടുത്തു. അതിപ്രകാരമാണ്.

പ്രതാപവാനും സർവ്വശക്തനുമായ അല്ലാഹുവേ, ഞാൻ പാപിയാണ്. ഹൃദയസാന്നിദ്ധ്യം ഉണ്ടാകാത്ത വിധം എന്റെ ഹൃദയത്തെയും ഞരമ്പുകളെയും പാപത്തിന്റെ വിഷം ബാധിച്ചിരിക്കുന്നു. തൽഫലമായി എനിക്ക് മൃദുത്വവും ഹൃദയസാന്നിദ്ധ്യവും ലഭിക്കുന്നില്ല.എന്റെ പാപം പൊറുത്തുതരേണമേ. അമിതമായ എന്റെ പ്രവൃത്തികളെയെല്ലാം മാപ്പാക്കേണമേ. എന്റെ ഹൃദയത്തിന് മൃദുത്വം നൽകേണമേ. എന്റെ കഠിന ഹൃദയം മൃദുവായിത്തീരാൻ നിന്റെ മഹത്വവും നിന്നോടുള്ള ഭയവും നിന്നോടുള്ള സ്നേഹവും എന്റെ ഹൃദയത്തിൽ നിലനിറുത്തേണമേ. നമസ്ക്കാരത്തിൽ ഹൃദയസാന്നിദ്ധ്യം തന്നരുളേണമേ.

**റബ്ബിർഹംനീ ഇന്ന ഫള്ലക്ക വറഹ്മത്തക്ക യുൻജീ മിനൽ അദാബ്.**

എന്റെ രക്ഷിതാവേ എന്നിൽ കരുണ ചൊരിഞ്ഞാലും,നിശ്ചയമായും നിന്റെ അനുഗ്രഹവും കരുണയും ശിക്ഷയിൽ നിന്ന് രക്ഷിക്കുന്നു.

**റബ്ബി അരിനീ കൈഫ തുഹ്യിൽ മൗത്ത റബ്ബിഗ്ഫിർ വർഹം മിനസ്സമാഅ്**

എന്റെ രക്ഷിതാവേ, മരിച്ചവരെ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ചുതന്നാലും. എന്റെ നാഥാ പൊറുത്തുതന്നാലും ആകാശത്തിൽ നിന്ന് കരുണ ചൊരിഞ്ഞാലും.

**റബ്ബി ഫർറിഖ് ബൈന സ്വാദിഖീൻ വകാദിബിൻ അൻത്ത തറാ കുല്ലു മുസ്ലിഹിം വ സ്വാദിഖിൻ**

എന്റെ നാഥാ, സത്യവാനെയും അസത്യവാനെയും നീ വേർതിരിച്ചു കാണിച്ചാലും .സത്യവാനും അസത്യവാനും ആരാണെന്ന് നീ നല്ലവണ്ണം അറിയുന്നു.

**റബ്ബി അറിനീ അൻവാറക്കൽ കുല്ലിയ്യ.**

എന്റെ രക്ഷിതാവേ, സകലസ്ഥലത്തും വലയം ചെയ്ത് നിൽക്കുന്ന നിന്റെ പ്രകാശം നീ എനിക്ക് കാണിച്ച് തരേണമേ.

**റബ്ബി ലാ തദർ അലൽ അർളി മിനൽ കാഫിരീന ദയ്യാറാ**

എന്റെ രക്ഷിതാവേ, അവിശ്വാസികളിൽ ഒരു വീട്ടുകാരെയും നീ ഈ ഭൂമിയിൽ വസിക്കാൻ വിടരുതേ

**റബ്ബിഹ്ഫള്നീ ഫഇന്നൽ ഖൗമ യത്തഖിദുനനീ സുഖ്റാ**

എന്റെ രക്ഷീതാവേ, എനിക്ക് സംരക്ഷണം നൽകേണമേ. ഈ ജനം എന്നെ പരിഹാസത്തിന് പാത്രമാക്കിയിരിക്കുന്നു.

**റബ്ബിഗ്ഫിർ വർഹം മിനസ്സമാഅ് റബി ലാ തദർനീ ഫർദൻ വഅൻത്ത ഖൈറുൽ വാരിസീൻ ; റബ്ബി അസ്ലിഹ് ഉമ്മത്ത മുഹമ്മദ്, റബ്ബനഫ്ത്തഹ് ബൈനനാ വബൈന ഖൗമിനാ ബിൽ ഹഖ്ഖി വഅൻത്ത ഖൈറുൽ ഫാത്തിഹീൻ**.

എന്റെ നാഥാ പൊറുത്തുതന്നാലും ആകാശത്തിൽ നിന്ന് കരുണ ചൊരിഞ്ഞാലും. എന്റെ നാഥാ,എന്നെ ഏകനായി വിടരുതേ.നീ ഉത്തമനായ അനന്തരാവകാശിയെ സൃഷ്ടിക്കുന്നവനാണ്. എന്റെ നാഥാ മുഹമ്മദീ സമുദായത്തെ നേരായ പാതയിലാക്കിയാലും.ഞങ്ങളുടെ നാഥാ, ഞങ്ങളുടെയും ഞങ്ങളുടെ ജനങ്ങളുടെയും ഇടയിൽ സത്യമനുസരിച്ച് നീ തീരുമാനം കൽപിക്കേണമേ.തീരുമാനിക്കുന്നവരിൽ നീ ഏറ്റവും ഉത്തമനാണല്ലോ.

**വജ്അൽ അഫ്ഇദത്തം മിനന്നാസി തഹ്വീ ഇലയ്യ.**

മനുഷ്യ ഹൃദയങ്ങളെ എന്നിലേക്ക് തിരിക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞു. ഈ ദുആ ജമാഅത്തിന്റെ പുരോഗതിക്കുള്ള സന്തോഷവാർത്തയാണ്.

**റബ്ബനഗ്ഫിർലനാ ദുനൂബനാ വഇഖ്വാനിനല്ലദീന സബഖൂനാ ബിൽ ഈമാനി. വസ്വല്ലി അലാ നബിയ്യിക്ക വഹബീബിക്ക മുഹമ്മദിൻ വ ആലിഹി വസല്ലിം. വതവഫ്ഫനാ ഫിൽ ഉമ്മത്തി വ ആത്തിനാ മാ വഅദ്ത്തഹു ലിൽ ഉമ്മത്തി. റബ്ബനാ ഇന്നനാ ആമന്നാ ഫക്തുബ്നാ ഫീ ഇബാദിക്കൽ മുഅ്മിനീൻ.**

എന്റെ രക്ഷിതാവേ, വിശ്വാസത്തിൽ ഞങ്ങളെക്കാൾ മുൻകടന്നുപോയ ഞങ്ങളുടെ സഹോദരങ്ങൾക്ക് പൊറുത്തുകൊടുത്താലും; നിന്റെ നബിയും ഹബീബുമായ മുഹമ്മദ് ﷺ ന്റെയും അവിടത്തെ കുടുംബാദികളുടെയും മേൽ കരുണ ചൊരിഞ്ഞാലും. നബി ﷺ യുടെ ഉമ്മത്തിയായിരിക്കുന്ന അവസ്ഥയിൽ ഞങ്ങളെ മരിപ്പിക്കേണമേ. ഞങ്ങളുടെ രക്ഷിതാവേ,ഞങ്ങൾ വിശ്വസിച്ചു.നിന്റെ വിശ്വാസികളായ ദാസരിൽ ഞങ്ങളെയും എഴുതിയാലും.

**റബ്ബി സല്ലത്ത്നീ അലന്നാരി.**

അല്ലാഹുവേ, എനിക്ക് അഗ്നിയുടെ മേൽ ആധിപത്യം നൽകേണമേ.

ഞങ്ങൾ നിന്റെ പാപികളായ ദാസരാണ്.ഞങ്ങളുടെ നഫ്സ് ഞങ്ങളെ പരാജയപ്പെടുത്തിയിരിക്കുന്നു. ഞങ്ങൾക്ക് പൊറുത്ത് തരേണമേ. പരലോക ശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇപ്രകാരം ദുആ ചെയ്യുന്നു.

റബ്ബുൽആലമീനായ അല്ലാഹുവേ, നിന്റെ ഔദാര്യങ്ങൾക്ക് ശുക്ക്ർ ചെയ്യുക എന്നത് എന്റെ കഴിവിൽ പെട്ടതല്ല. നീ പരമകാരുണികനും ആദരണീയനുമാണ്. എന്നിലുള്ള നിന്റെ ഔദാര്യങ്ങൾ കണക്കറ്റതാ

ണ്. ഞാൻ നശിച്ചു പോകാതിരിക്കാൻ എന്റെ പാപം പൊറുത്തു തന്നാലും. എനിക്ക് ജീവിതം ലഭിക്കുന്നതിന് വേണ്ടി.എന്റെ ഹൃദയത്തിൽ നിന്റെ പ്രത്യേകമായ സ്നേഹം ചൊരിഞ്ഞാലും.

എന്റെ തെറ്റുകുറ്റങ്ങൾ മറച്ചുവെച്ചാലും. നീ ഇഷ്ടപ്പെടുന്ന കർമ്മങ്ങൾ എന്നെക്കൊണ്ടു ചെയ്യിച്ചാലും, നിന്റെ കോപം എന്നിൽ ഉണ്ടാകാതിരിക്കാൻ ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു. നീ എന്നിൽ കൃപ ചെയ്താലും. ദുനിയാവിലേയും ആഖിറത്തിലേയും പരീക്ഷണങ്ങളിൽ നിന്ന് എന്നെ രക്ഷിച്ചാലും. എല്ലാ അനുഗ്രഹങ്ങളും ആദരവുകളും നിന്റെ കയ്യിൽ തന്നെയാണ്. ആമീൻ സുമ്മ ആമീൻ

മറ്റൊരു ഇൽഹാമീ ദുആ ഇപ്രകാരമാണ്.

**റബ്ബനഗ്ഫിർലനാ ഇന്നാകുന്നാ ഖാത്തിഈൻ**

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ തെറ്റുചെയ്തവർ തന്നെയാണ്.

മറ്റൊരു സ്ഥലത്ത് ഇപ്രകാരം എഴുതുന്നു. നാഥാ ഞങ്ങളുടെ തിന്മകൾ പൊറുത്തുതരേണമേ ഞങ്ങൾ തെറ്റിലാണ്. എല്ലാവിധ ദുഃഖങ്ങളെയും ക്ലേശങ്ങളെയും ഞങ്ങളിൽ നിന്ന് അകറ്റേണമേ. എല്ലാ വിധ ദുഃഖങ്ങളിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ മോചിപ്പിക്കേണമേ. ഞങ്ങളെ മുസീബത്തുകളിൽ നിന്ന് സംരക്ഷിക്കേണമേ. ഞങ്ങൾ എവിടെയാണെങ്കിലും ഞങ്ങളോടൊപ്പമുണ്ടാകേണമേ. അല്ലാഹുവേ, ഞങ്ങളുടെ ന്യൂനതകളെ നീ മറക്കേണമേ. അപായങ്ങളിൽ നിന്ന് ഞങ്ങൾക്ക് സമാധാനം നൽകേണമേ.

ഞങ്ങൾ നിന്നിൽ ഭരമേൽപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ കാര്യങ്ങളത്രയും നിന്നെ ഏൽപിച്ചിരിക്കുന്നു. ഈ ലോകത്തും പരലോകത്തും നീ തന്നെയാണ് ഞങ്ങളുടെ യജമാനൻ. നീ കരുണചൊരിയുന്നവരിൽ ഏറ്റവും കൂടുതൽ കരുണ ചൊരിയുന്നവനാണ്. സർവ്വലോക രക്ഷിതാവായ അല്ലാഹുവേ, ഞങ്ങളുടെ ദുആ സ്വീകരിക്കേണമേ.

മറ്റൊരു സ്ഥലത്ത് പറയുന്നു: സർവ്വശക്തനായ അല്ലാഹുവേ, കുട്ടികൾക്കും നിരക്ഷരകുക്ഷികൾക്കും കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും വിദ്വാന്മാരുടെയും തത്വചിന്തകരുടെയും കണ്ണുകളെയും ഹൃദയങ്ങളെയും ഇരുട്ടിലാക്കുകയും ചെയ്യുക എന്നത് നിന്റെ പണ്ടുപണ്ടേയുള്ള നടപടിക്രമമാണ്. ഞാൻ നിന്റെ തിരുസന്നിധിയിൽ കേണപേക്ഷിക്കുന്നു. നീ ചിലരെ എന്നിലേക്ക് കൊണ്ടുവന്നതു പോലെ ജനങ്ങളിൽ നിന്ന് ഒരു സംഘത്തെ എനിക്ക് നൽകിയാലും.അവർ കാണുകയും കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യട്ടെ. തക്കസമയത്ത് നീ ഇറക്കിയ ഈ അനുഗ്രഹത്തെ തിരിച്ചറിഞ്ഞ് അത് സ്വീകരിക്കട്ടെ. നീ ഇച്ഛിച്ചാൽ തീർച്ചയായും നിനക്കത് ചെയ്യാൻ കഴിയും. കാരണം ഒന്നും നിനക്ക് അസംഭാവ്യമായിട്ടില്ല. (ഇസാലെയെ ഔഹാം)

എന്റെ നാഥാ നിന്റെ ദാസരെ സഹായിക്കേണമേ എതിരാളികളെ അപമാനിതരാക്കേണമേ. എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ. നിന്നെയും നിന്റെ റസൂലിനെയും ഈ ജനം ഏത് വരെ പരിഹസിച്ച് കൊണ്ടിരിക്കും. നിന്റെ പദവിയെ ഇവർ ഏത് വരെ കളവാക്കുകയും നിന്റെ നബിക്ക് മേൽ ആക്ഷേപശരങ്ങൾ ഉന്നയിക്കുകയും ചെയ്യും. ആദ്യനും അന്ത്യനുമായ അല്ലാഹുവേ, നിന്റെസ്വർഗ്ഗത്തെ ലക്ഷ്യമാക്കി വിലപിച്ചുകൊണ്ട് പറയുന്നു. ഇന്ന് ഞാനെന്റെ ജമാഅത്തിനും ഖാദിയാനും വേണ്ടി ദുആ ചെയ്യുകയായിരുന്നു. ഇപ്രകാരം ഇൽഹാമുണ്ടായി. അവർ ജീവിതസുഖങ്ങളിൽ ലയിച്ച് വിദൂരത്തെത്തിയിരിക്കുന്നു. ഫസഹിഖ്ഹും തസ്ഹീഖാ- ശത്രുക്കളെ തുണ്ടം തുണ്ടമാക്കിയാലും. പിന്നീട് എനിക്ക് തോന്നി , തുണ്ടംതുണ്ടമാക്കുക എന്ന് പറഞ്ഞതിന്റെ അർത്ഥമെന്താണ്. ഉടനെ തന്നെ ഒരു വർഷമായി ബൈത്തുദ്ദുആയിൽ എഴുതിവെച്ച ദുആയിലേക്ക് എന്റെ ശ്രദ്ധ പതിഞ്ഞു. അതിപ്രകാരമാണ്.

**യാറബ്ബി ഫസ്മഅ് ദുആഊ വ മസ്സിഖ് ആഅ്ദാഅക വ അഅ് ദാഊ വഅൻജിസ് വഅദക്ക വൻസ്വുർ അബ്ദക്ക വഅരിനാ അയ്യാമക്ക വശഹ്ഹിർലനാ ഹുസാമക്ക വലാ തദർ മിനൽ കാഫിരീന ശരീറാ**

എന്റെ രക്ഷിതാവേ, നീ എന്റെ പ്രാർത്ഥന കേൾക്കേണമേ. എന്റെയും നിന്റെയും ശത്രുക്കളായിട്ടുള്ളവരെ നീ തുണ്ടം തുണ്ടമാക്കേണമേ. നിന്റെ വാഗ്ദാനം വേഗത്തിൽ പൂർത്തിയാക്കേണമേ. നിന്റെ ദാസനെ തുണക്കേണമേ. നിന്റെ വാഗ്ദാനത്തിന്റെ നാളുകൾ നീ ഞങ്ങൾക്ക് കാണിച്ചുതരേണമേ. ഞങ്ങൾക്ക് വേണ്ടി നിന്റെ വാൾ ഊരിപ്പിടിക്കേണമേ. സത്യനിഷേധികളിൽ നിന്ന് ഒരു ദ്രോഹിയേയും ശിക്ഷിക്കാതെ നീ വിട്ടുകളയരുതേ.

അല്ലാഹു ഇനിയും നമുക്ക് ഇത്തരം അൽഭുതകരമായ അടയാളങ്ങൾ കാണിച്ചു തരുമാറാകട്ടെ.

മറ്റൊരു ഇൽഹാമി ദുആ ഇപ്രകാരമാണ്.

**സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദ്.**

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹാനായ അല്ലാഹു പരിശുദ്ധനാകുന്നു.അല്ലാഹുവേ മുഹമ്മദ് നബി ﷺ നും അദ്ദേഹത്തിന്റെ കുടുംബത്തിനും മേൽ അനുഗ്രഹാശംസകൾ നേരേണമേ.

അവസാനമായി മസീഹ് മൗഊദ് عليه السلام ന്റെ ഒരു ദുആ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്.

എന്റെ യജമാനനും എല്ലാറ്റിനും കഴിവുള്ളവനുമായ അല്ലാഹുവേ, ആകാശഭൂമികളുടെയും അതിലുള്ള എല്ലാ വസ്തുക്കൾക്കും മേൽ ആധിപത്യമുള്ളവനേ, ലോകത്തിന്റെ സന്മാർഗ്ഗത്തിനായി ലക്ഷക്കണക്കിന് നബിമാരെയും കോടിക്കണക്കിന് വഴികാട്ടികളെയും അയച്ച അല്ലാഹുവേ, നബി ﷺ നെപ്പോലെയുള്ള മഹാനായ പ്രവാചകനെ നിയോഗിച്ച അത്യുന്നതനായ അല്ലാഹുവേ, മുസ്ലിം ഉമ്മത്തിന് സന്മാർഗ്ഗം കാണിക്കാനായി റസൂൽ ﷺ ന്റെ ദാസത്വം സ്വീകരിച്ച മഹ്ദീ മസീഹിനെ അയച്ച അല്ലാഹുവേ, പ്രകാശത്തെ സൃഷ്ടിക്കുന്നവനും അന്ധകാരത്തെ ഇല്ലായ്മ ചെയ്യുന്നവനുമായ അല്ലാഹുവേ, നീ ശ്രേഷ്ടപ്രവാചകനായ മുഹമ്മദ് നബി ﷺ യോട് ചെയ്ത വാഗ്ദാനങ്ങളെയും അദ്ദേഹത്തിന്റെ സത്യസന്ധനായ പ്രേമിക്ക് നൽകിയ വാഗ്ദാനങ്ങളെയും മുന്നിൽ വെച്ചു കൊണ്ട് വിലപിക്കുന്നു. ആ വാഗ്ദാനങ്ങൾ പൂർത്തിയായതിന്റെ മഹത്തായ അടയാളങ്ങൾ കാണിക്കേണമേ. നീ സത്യസന്ധമായ വാഗ്ദാനങ്ങൾ ചെയ്യുന്നവനാണെന്ന് ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. നിന്റെ വാഗ്ദാനങ്ങൾ തീർച്ചയായും പുലരുക തന്നെ ചെയ്യും. എന്നാൽ ഞങ്ങളുടെ ബലഹീനതകൾ കൊണ്ട് അത് വൈകിപ്പോകുമോ എന്നാണ് ഭയപ്പെടുന്നത് നിന്റെ കാരുണ്യത്തെ മുൻനിർത്തികൊണ്ട് പറയുന്നു, ഞങ്ങളിൽ തിന്മകളുണ്ടെങ്കിലും നിന്റെ അനുഗ്രഹകടാക്ഷം ഞങ്ങളിലുണ്ടാകേണമേ. എപ്പോഴും ഞങ്ങളോട് കാണിച്ച ഔദാര്യം തുടർന്നും കാണിക്കേണമേ. ഞങ്ങൾ കടമകൾ നിർവ്വഹിക്കേണ്ടത് പോലെ നിർവ്വഹിച്ചിട്ടില്ലെങ്കിലും നീ നിരന്തരമായി അനുഗ്രഹങ്ങളുടെ പെരുമഴ ഞങ്ങൾക്ക് മേൽ വർഷിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ വിശ്വാസത്തെ കൂടുതൽ ദൃഢപ്പെടുത്തി.എന്നാൽ വീണ്ടും നിന്റെ മുമ്പിൽ കേണപേക്ഷിക്കുകയാണ്. റഹ്മാനായ അല്ലാഹുവേ, തെറ്റുകളെ മറക്കുന്നവനേ, പൊറുത്തുകൊടുക്കുന്നവനേ, നിന്റെ കാരുണ്യത്തിന്റെയും ദയയുടെയും കവാടങ്ങൾ ഞങ്ങൾക്ക് മേൽ ഒരിക്കലും അടക്കരുതേ. ഞങ്ങളുടെ ബലഹീനതകളെ മറച്ചുവെക്കേണമേ. ഞങ്ങൾക്ക് പൊറുത്തു

തരേണമേ. ഞങ്ങൾക്ക് എപ്പോഴും കനിഞ്ഞരുളിയത് പോലെ ഇനിയും നൽകേണമേ. നിന്റെ അനുഗ്രഹത്താൽ നീ ഞങ്ങൾക്ക് എല്ലാ നന്മകളും പ്രദാനം ചെയ്യേണമേ. അല്ലാഹുവേ, നിന്റെ എല്ലാ സിഫത്തുകളും മുന്നിൽ വെച്ചുകൊണ്ട് പറയുന്നു. ഞങ്ങൾ അങ്ങേയറ്റത്തെ വിനയത്തോടെ കുനിഞ്ഞ് കൊണ്ട് അർത്ഥിക്കുന്നു, ഞങ്ങളുടെ പ്രാർത്ഥനകളെ **ഉദ്ഊനീ അസ്തജിബ് ലക്കും** എന്ന വാഗ്ദാനപ്രകാരം കേൾക്കേണമേ. ഞങ്ങളെ പരിശുദ്ധരായ ദാസരിൽ ഉൾപ്പെടുത്തേണമേ. ഞങ്ങളുടെ നെഞ്ചകങ്ങളിൽ നിന്നോടുള്ള സ്നേഹത്തെ നിറക്കേണമേ. ഞങ്ങളുടെ വാക്കുകളും പ്രവൃത്തികളും നല്ലതും ശുദ്ധവുമായിരിക്കട്ടെ. നിന്നിൽ അർപ്പണം ചെയ്യുന്നവരാക്കേണമേ. ഞങ്ങളെ നിന്റെ പ്രിയ റസൂലിൽ ലയിക്കുന്നവരാക്കേണമേ. നിന്റെ കൽപ്പനപ്രകാരം അങ്ങയുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നവരാക്കേണമേ. ഈ കാലഘട്ടത്തിൽ ആഗതരായ നിന്റെ മസീഹിനെ പൂർണ്ണമായി അനുസരിക്കുന്നവരാക്കേണമേ. അദ്ദേഹത്തെ നീതിമാനായ വിധികർത്താവായി വിശ്വസിച്ച് എല്ലാ കൽപനകൾക്കും ലബ്ബൈക്ക് പറയുന്നവരാക്കേണമേ. വീണ്ടും കേണപേക്ഷിക്കുന്നു. ഞങ്ങളുടെ നെഞ്ചകങ്ങളെ നിന്നോടും നിന്റെ പ്രിയരോടുമുള്ള സ്നേഹത്താൽ നിറക്കേണമേ. ഞങ്ങളുടെ ബലഹീനതകളെ അകറ്റേണമേ. പൈശാചികാധിപത്യത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളെ നിന്റെ സ്നേഹം കരഗതമാക്കുന്ന സമൂഹമാക്കേണമേ. എല്ലാ വിധ പരീക്ഷണങ്ങളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും മോചിപ്പിക്കേണമേ. എല്ലാവിധ കുഴപ്പങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിനെ സ്വീകരിക്കാനായി ജനങ്ങളുടെ ഹൃദയങ്ങളെ തുറക്കേണമേ. ഇത് ഞങ്ങളുടെ വിനയാന്വിതമായ അഭ്യർത്ഥനയാണ്. എല്ലാ മുസ്‌ലിംകളേയും ഒരു സമൂഹമാക്കേണമേ. മുസ്ലിംകൾ അകപ്പെട്ടിരിക്കുന്ന എല്ലാവിധ കുഴപ്പങ്ങളിൽ നിന്നും അവരെ രക്ഷിക്കേണമേ. മസീഹ് മൗഊദിനെ തിരിച്ചറിയാനായി അവരുടെ കണ്ണുകൾ തുറക്കേണമേ. ലോകത്തിലെ മുസ്ലിംകൾക്ക് കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാനുള്ള ബുദ്ധി നൽകേണമേ. എങ്കിൽ മാത്രമേ നരകാഗ്നിയിൽ നിന്ന് അവർക്ക് രക്ഷ നേടാൻ സാധിക്കുകയുള്ളൂ. ആമീൻ യാ റബ്ബൽ ആലമീൻ

ഇന്നും ഒരു ദുഃഖവാർത്തയുണ്ട്. നസീർ അഹ്മദ് ബട്ട് സാഹിബ്, അല്ലാ രഖാ ബട്ട് സാഹിബിന്റെ മകനായിരുന്നു. ഫൈസലാബാദിലാണ് താമസിച്ച്വന്നത്. അദ്ദേഹത്തെ മിനിഞ്ഞാന്ന് ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റ്റാജിഊൻ. അദ്ദേഹത്തിന്റെ പിതാമഹൻ ഗുലാ മുഹമ്മദ് സാഹിബ് ഖാദിയാനടുത്തുള്ള ഡാല സ്വദേശിയായിരുന്നു. പിതാമഹൻ മുഖേനയാണ് കുടുംബം അഹ്മദിയ്യത്ത് സ്വീകരിച്ചത്. ഖലീഫ സാനി (റ) യുടെ കാലഘട്ടത്തിലാണ് ബൈഅത്ത് ചെയ്തത്. പ്രാഥമിക വിദ്യാഭ്യാസമേ ഉണ്ടായിരുന്നുള്ളു. കച്ചവടം നടത്തുകയായിരുന്നു. രാവിലെ പതിനൊന്നര മണിക്ക് കടയിൽ ഇരിക്കുമ്പോൾ ബൈക്കിൽ വന്നയാൾ പിസ്റ്റളെടുത്ത് രണ്ട് മൂന്ന് ഫൂട്ട് അകലത്തിൽ നിന്ന് ഫയറിംഗ് നടത്തുകയും അഞ്ച് വെടിയുണ്ടകളിൽ നാല് നെഞ്ചിലും ഒന്ന് മുഖത്തുമാണ് തറച്ചത്. സംഭവസ്ഥലത്ത് തന്നെ ശഹീദാകുകയായിരുന്നു. ഈ സമയത്ത് കടയിൽ ഇദ്ദേഹത്തിന്റെ ജോലിക്കാരനും സാധനത്തിനായി വന്ന പല ആളുകളുമുണ്ടായിരുന്നു. അങ്ങാടിയിൽ നല്ല തിരക്കുള്ള സ്ഥലത്തായിരുന്നു കടയുണ്ടായിരുന്നത്. എന്നാൽ ഫയറിംഗ് ചെയ്തയാൾ അവിടുന്ന് രക്ഷപ്പെടുകയും ചെയ്തു. 51 വയസ്സായിരുന്നു. വളരെയധികം പരിശുദ്ധനും ഖിലാഫത്തിനെ വളരെയധികം സ്നേഹിക്കുന്നയാളുമായിരുന്നു. ഭാര്യ പറയുന്നു, മുബല്ലിഗുമാരുമായി വളരെ അടുത്ത ബന്ധമുള്ളയാളായിരുന്നു. ഖുത്വുബ ലൈവ് കേൾക്കാൻ കഴിഞ്ഞില്ലെങ്കിൽ ഖുത്വുബയെപ്പറ്റി ചോദിക്കുകയും പ്രധാന പോയന്റുകൾ ഓർമ്മയിൽ വെക്കുകയും ചെയ്യുമായിരുന്നു. പ്രദേശത്തെ ആളുകൾ ഇദ്ദേഹത്തെ വളരെ ഇഷ്ടപ്പെട്ടിരുന്നു. ക്ഷമാശീലനും നന്ദിയുള്ളയാളുമായിരുന്നു. ജനാസയിൽ കച്ചവടക്കാരായവരുടെയും സ്ഥിരമായി കടയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നവരുടെയും വൻ ജനാവലി അവിടെയുണ്ടായിരുന്നു. അതിഥി സൽക്കാരപ്രിയനായിരുന്നു. ഭാര്യ ലജ്ന സദറായി സേവനമനുഷ്ടിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വൃദ്ധരായ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നു. 5 സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. മകന് 23 വയസ്സായിരിക്കുന്നു. 18 വയസ്സും 11 വയസ്സുമുള്ള പെൺമക്കളുമുണ്ട്. അല്ലാഹു ബന്ധുക്കൾക്ക് ക്ഷമ പ്രധാനം ചെയ്യട്ടെ. ശഹീദ് മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ആമീൻ ജുമുഅക്ക് ശേഷം ജനാസ ഗായിബ് നമസ്ക്കരിക്കുന്നതാണ്.


വിവർത്തനം
എൻ ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ് കണ്ണൂർ സിറ്റി **PHONE :** 9895 109624

KHUTHBA:
**HADHRAT MIRZA MASROOR AHMAD** atba
KHALIFATHUL MASIH - V
on 10 - 09 - 2010 at
London

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**